# പതിനഞ്ചും പതിനഞ്ചും

1211

കുഞ്ഞുണ്ണി

~~32948~~
KOTTAYAM

ചിത്രങ്ങൾ
ശങ്കരൻകുട്ടി



പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണസംഘം**

---

## നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.25

(Malayalam)

**Pathinanchum Pathinanchum**

By KUNJUNNI

Illustrated by

SANKARANKUTTY

First Published November 1966

Printed at

INDIA PRESS, KOTTAYAM

Price Rs. 1·25

Copyright

Sahitya Pravarthaka C. S. Ltd.

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

S1861 S1148 (Children's Series 94) 33/66-67 1-4000

1216

# അടിപിടി

ഏബീസീഡീ അടിപിടികൂടി
ഈയെഫ്ജീയെച്ഛതിനൊടുകൂടി

ഐജേക്കേയെല്ലതുകണ്ടെത്തി
എമ്മെന്നോപ്പീ അമ്മയോടോതി

ക്യൂവാറെസ്റ്റീ അച്ഛനറിഞ്ഞു
യൂവീ ഡബ്ളിയു വടിയുമെടുത്തു
എക്സ്‌വൈസെഡ്ഡുങ്ങടിയോടടിയായ്








# പടക്കം പൂത്തിരി മത്താപ്പൂവ്

പടപട പടകം പടപട പടകം
പടപട പടപട പടപട പടകം

കത്തും പൂത്തിരിയിത്തിരിനേര-
ത്തത്തറനേരത്തെത്ര വിചിത്രം

മത്താപ്പൂവിനു മഞ്ഞവെളിച്ചം
മത്താപ്പൂവിനു പച്ചവെളിച്ചം

പടകം പൂത്തിരി മത്താപ്പൂവേ
വിഷുവിങ്ങോട്ടു വരട്ടേ വേഗം

പടപട പടകം പടപട പടകം
പടപട പടപട പടപട പടകം





# ഒരു തൎക്കം

കക്കക്കൊ കാക്കയും
കൊക്കൊക്കോ കോഴിയും
തിത്തിത്തൈ മുററത്തു തൎക്കമായി

ഞാനാണുണൎന്നതിന്നാദ്യം കാക്കേ
ഞാനാണുണൎന്നതിന്നാദ്യം കോഴി

ബബ്ഭബ്ഭൗ നായയങ്ങോടിയെത്തി
ഞാനുറങ്ങീട്ടേയില്ലെന്നു ബബ്ഭൗ



# സൈക്കിൾപ്പാട്ട്

വട്ടത്തിൽച്ചവിട്ടുമ്പോൾ നീളത്തിലോടുന്ന
ചവിട്ടുവണ്ടീ നല്ല സയിക്ക്ൾവണ്ടീ...

ചവിട്ടുന്നോനെത്തന്നെയേററിക്കൊണ്ടോടുന്ന
ചവിട്ടുവണ്ടീ നല്ല സയിക്ക്ൾവണ്ടീ...

കൊമ്പുരണ്ടുള്ളവൻ ചവിട്ടുവണ്ടീ ഹഹ
കൊമ്പത്തു മണിയുള്ളോൻ ചവിട്ടുവണ്ടീ...

ചവിട്ടുവണ്ടീ നല്ല സയിക്ക്ൾവണ്ടീ ക്ണ്ക്കിണി
മണിയടിച്ചോട്ടവിൻ ചവിട്ടുവണ്ടീ...

വട്ടത്തിൽച്ചവിട്ടുമ്പോൾ നീളത്തിലോടുന്ന
ചവിട്ടുവണ്ടീ നല്ല സയിക്ക്ൾവണ്ടീ...



# കളവാവില്ല

കുട്ടൻെറ കുപ്പായക്കീശയിൽ രണ്ടാന-
ക്കുട്ടികളുണ്ടു കിടന്നിടുന്നു

കൊമ്പുകളില്ലല്ലോ തുമ്പിക്കൈയില്ലല്ലോ
പിമ്പുറത്തില്ലല്ലോ നീണ്ടവാലും

ആകാശംമുട്ടുന്ന പൊക്കമുണ്ടെങ്കിലു-
മാകൃതിയില്ല വികൃതിയുണ്ടേ

കാട്ടിൽനിന്നല്ലല്ലോ കിട്ടിയിവയെ,ര-
ണ്ടോട്ടക്കലങ്ങളിൽ നിന്നാണത്രേ

കുട്ടനുരച്ചതാണിക്കാര്യമത്രയും
കുട്ടിയാണല്ലോ കളവാവില്ല



1215

# ഒരു കഥ

ക ക ക കയെന്നൊരു രാജ്യത്തുള്ളൊരു
ഥ ഥ ഥ ഥയെന്നൊരു രാജാവിന്നു്

മ മ മ മയെന്നൊരു മകനുണ്ടായി
തി തി തി തിയെന്നൊരു മകളുണ്ടായി

കഥയില്ലാത്തവർ മൂവരുമവരുടെ
കഥ മതി കഥ മതി കഥ മതിയായോ?





## ആഴ്ചകളുടെ വരവ്

ഞായറാഴ്ചയെത്തിപ്പോയി
നാളെയെത്തും തിങ്കളാഴ്ച
ചൊവ്വാഴ്ചയിക്കണക്കിനു
മററന്നാളെത്തും

നല്ല മഴ പെയ്യുവെങ്കിൽ
നാലാംനാളിലെത്തും ബുധ-
നല്ലെന്നാകിലഞ്ചാംനാളിൽ
വ്യാഴാഴ്ചയെത്തും

വലിയോരു വെയിലുണ്ടാ-
കില്ലെന്നാകിലാറാംനാളിൽ
വന്നുചേരും വീഴ്ചയെന്യേ
വെള്ളിയാഴ്ചയും

ശനിയാഴ്ചയോടിയെത്തു-
മൊടുവിലാണെന്നാകിലും
പണി പലതുള്ളോനല്ലേ
നേരത്തെയെത്തില്ല

# കള്ളം പറയുന്നില്ല

ഒരുവട്ടം വായിച്ചു ഒരു വസ്തുവുമായീല
ഇരുവട്ടം വായിച്ചു തരിപോലും കേറീല

മൂവട്ടം വായിച്ചു മുതുകുംകൂടൊടിയാറായ്
നാൽവട്ടം വായിച്ചു നാവയ്യോ തേയാറായ്

നിന്നിട്ടും വായിച്ചു നില്ക്കാണ്ടും വായിച്ചു
നീട്ടീട്ടും വായിച്ചു നീട്ടാണ്ടും വായിച്ചു

ഉള്ളത്തിൽക്കേറുന്നില്ല്യെള്ളോളമിതെന്തെന്നോ?
കള്ളം ഞാൻ പറയില്ല്യെ,ന്നുള്ളത്തിൽ പന്തുകളി







## കുഞ്ഞിമോൻ

ഒരു നാട്ടിലൊരു വീട്ടിലൊരു കുട്ടി പിറന്നു
അക്കുട്ടിയൊരു നല്ല കുട്ടിയായിരുന്നു

ആ നല്ല കുട്ടിക്കൊരു നല്ല പേരു വേണം
ഒരു നല്ല പേരിനമ്മ വീട്ടിലൊക്കെത്തപ്പി
ഒരു നല്ല പേരിനച്ഛൻ നാട്ടിലൊക്കെത്തെണ്ടി

പേരുതെണ്ടീട്ടച്ഛനുടെ കാലൊക്കേയും തേഞ്ഞു
പേരുതപ്പീട്ടമ്മയുടെ കൈയൊക്കേയും തേഞ്ഞു

"കുഞ്ഞേ"യെന്നു വിളിച്ചുകൊണ്ടച്ഛനടുത്തെത്തി
"മോനേ"യെന്നു വിളിച്ചുകൊണ്ടമ്മയടുത്തെത്തി
"കുഞ്ഞിമോനെ"ന്നൊരു നല്ല പേരവനു കിട്ടി



## തവളപ്പാട്ട്

1211

കാലു മടക്കിക്കൈയ്യുംകുത്തിച്ചാടിനടപ്പവളേ
ചാടാതൊന്നു നടന്നാലെന്തേ കോമാളിത്തവളേ

കേളിപെരുത്തൊരു കളിയുണ്ടല്ലോ ഞങ്ങൾക്കെൻ തവളേ
കേളത്തു, തവളച്ചാട്ടം, നിന്നെക്കളിയാക്കാനല്ലേ

കണ്ണു തുറുപ്പിച്ചിങ്ങനെ നോക്കിപ്പേടിപ്പിക്കുന്നോ
പൊണ്ണന്മാരുടെയിപ്പണി മറ്റൊരു പൊണ്ണനൊടൊത്തീടാം

എന്നെക്കണ്ടു ഭയന്നിട്ടാണോ കണ്ണു തുറിക്കുന്നു
നിന്നെക്കല്ലെറിയുന്നവനല്ലിവനക്കഥയറിയുന്നോൻ

എക്കഥയെന്നോ നീയറിയില്ലേ മാഷു പഠിപ്പിച്ചു-
ള്ളക്കഥതന്നേ, പിന്നീടൊരുദിനമോതിത്തന്നീടാം

നില്ക്കുകയില്ല കിടക്കുകയില്ലൊരുനേരത്തും നീയെ-
ന്തെപ്പൊഴുമിങ്ങനെ കുത്തിയിരിപ്പൂ മുത്താച്ചികൾപോലെ

പാടുകയാണോ പറയുകയാണോ കരയുകയാണോ നീ
പേടിയെനിക്കില്ലെന്തായാലും വെറുതേ ചോദിച്ചു



പറ പറ മഴപെയ്യുമ്പോൾത്തവളേ കറ കറയെന്നല്ലേ
പറയുക നിന്നുടെ പാട്ടും കൂത്തും തകൃതിയിലയ്യയ്യാ

പേക്രോം പേക്രോമെന്നു കരഞ്ഞു വിളിച്ചു വരുത്തുന്നു
നീക്കോലികളെക്കഷ്ടം കഷ്ടം വിഡ്ഢിത്തം കണ്ടോ

ഞങ്ങൾക്കുണ്ടു കടങ്കഥ ചൊന്നതു കേട്ടിട്ടില്ലേ നീ
നിന്നോടു പറയാം നീയെന്നോടു പിണങ്ങുകയില്ലെന്നാൽ

"കാലു നാലുള്ളൊരു നങ്ങിന്നിപ്പെണ്ണിനെ-
ക്കോലുനാരായണൻ താലികെട്ടി"


ഉത്തരമെന്തിതിനോതുക തവളേ നീ നാണിക്കുന്നോ
സത്വരമെന്തേ ചാടിപ്പോണ്ടു നീ പേടിക്കുന്നോ



# ബലൂൺ

ഊതിനിറച്ച ബലൂൺ
വീർത്തൊരു മത്ത ബലൂൺ

മഞ്ഞ ബലൂൺ
പച്ച ബലൂൺ
നീല ബലൂൺ
നല്ല ബലൂൺ
പൊട്ടിപ്പോയ്
പൊട്ടിപ്പോയ്
പൊട്ടിപ്പോയ്
വീർത്ത ബലൂൺ
പൊട്ടിപ്പോയ്





# കടകോലിനോട്

കട കട കട കട കടകോലേ
കലമാം കടലിൽ കടകോലേ

തിരി തിരി തിരി തിരി തിരിഃകാലേ
തയിരിൻ തിരയിൽ തിരികോലേ

തിക്കൂതി തിരിക്കൂതി തിരിയൂ നീ
തയിരിത്തു വെണ്ണ തരുംവരെയും

തിരി തിരി തിരി തിരി തിരി തിരികോലേ
തയിരിൻ തിരയിൽ തിരികോലേ



# കാററ്

1211

നാടില്ലാ നാട്ടില്
വീടില്ലാ വീട്ടില്
അമ്മ പെറാതെയൊരുണ്ണി പിറന്നു
ഉണ്ണിക്കു കണ്ണില്ല മൂക്കില്ല നാക്കില്ല
കൈയില്ല കാലില്ല
വായില്ല വയറില്ല
തലയില്ല തൊലിയില്ലിതയ്യയ്യാ
ഉണ്ണില്ലുണ്ണിയുറങ്ങില്ലുണ്ണി-
യിരിക്കില്ലുണ്ണി കിടക്കില്ല
ഉണ്ണിക്കെന്നും നടത്തമാണോട്ടമാ-
ണെല്ലാദിക്കിലുമെത്തേണ്ടേ
എല്ലാദിക്കിലുമുണ്ണിടെ നാടാ-
ണെല്ലാദിക്കിലുമുണ്ണിടെ വീടാ-
ണെല്ലാവർക്കും പ്രാണനാണുണ്ണിയി-
തേതാണുണ്ണിയെന്നുണ്ണികളേ!





## തെന്നലിനോട്

ചെല്ലച്ചെറുകാററേ ചെന്നാട്ടേ
ചന്ദനക്കാട്ടിൽ ചെന്നാട്ടേ
ചന്ദനക്കാട്ടിൽച്ചെന്നിട്ടു നല്ലൊരു
ചന്ദനം പൂശീട്ടു വന്നാട്ടെ

മുററത്തെത്തോട്ടത്തിൽ വന്നാട്ടെ
മുത്തണിപ്പൂക്കളെണിഞ്ഞാട്ടെ
മുത്തണിപ്പൂക്കളെണിഞ്ഞിട്ടു നല്ലൊരു
നൃത്തംവെച്ചു കളിച്ചാട്ടേ!

# ചിത്രം

വാലു വളച്ചു മേലോട്ട്
നാവു വളച്ചു താഴോട്ട്
മൂക്കൊരിത്തിരി കുററിച്ചെവിയും
നായുടെ ചിത്രം നന്നായി

മനസ്സിലിങ്ങനെ വരച്ച ചിത്രം
സ്ലേററിലേക്കു പകർന്നപ്പോൾ
ആയതു നായോ നരിയോ കരിയോ
പാമ്പോ ചേമ്പോ ചുണ്ണാമ്പോ?



## അത്തുമിത്തും

ടെട്ടെട്ടേ—ഇടിവെട്ടുന്നു
ശ്രുശ്ശുശ്ശൂ—കാററൂതുന്നു
പെപ്പെപ്പേ—മഴപെയ്യുന്നു
ഇടവം മിഥുനം കൎക്കടകം

*　　　*

കൊട്ടയിലെന്താണൊരുകൊട്ടത്തേങ്ങ
ഒരുകൊട്ടത്തേങ്ങയിലൊരു കൊട്ടത്തേങ്ങ

*　　　*

മാ-മാ—മാനത്തു്
മേ-മേ—മേഘങ്ങൾ
ക-ണ്ടോ—കണ്ടില്ല
കേ-ട്ടോ—കേട്ടില്ല
തൊ-ട്ടോ—തൊട്ടില്ല
പെ-പ്പേ—പെപ്പെപ്പേ

*　　　*



1218

ഇരുമുറിപ്പത്തായത്തിലൊരുമുറിയരിയു-
ണ്ടൊരു മുറിയരികൊണ്ടു മുറി നിറയില്ല

* *

അമ്മ മാമു തന്നു
അച്ഛനുമ്മ തന്നു
കുഞ്ഞിമോനു രണ്ടും
എന്തൊരിഷ്ടമെന്നോ

* *

മുട്ടായിയിൽ ബുദ്ധിവെച്ചാൽ
ബുദ്ധിമുട്ടായി നിശ്ചയം

* *

ഒരു മരമൊരുമരമാമരത്തിന്മേ-
ലൊരു കിളി വന്നൊരു കൂടിരുന്നു
അക്കിളിയെക്കിളി-
യക്കിളിയിക്കിളി-
യിക്കിളി യെക്കിളി
കിക്കിളി കീ...

* *

അപ്പുക്കുട്ടന്നട കിട്ടി
അപ്പുക്കുട്ടിക്കടി കിട്ടി
അമ്മുക്കുട്ടിക്കമ്മകൊടുത്തതൊ-
രമ്മിയുമമ്മിക്കുട്ടിയുമേ

* *

എല്ലാ മലരും പുലരിയിലുണരും
മുല്ലപ്പൂമലരന്തിയിലുണരും

* *

യത്നമേ രത്നമോക്കുവിൻ

* *

പറയുക വേഗം പയറൊരു പറയെ-
ന്നറിയുക വേഗം കുറവറിവെന്നായ്

* *

പല്ലിനു വേണ്ടതുറപ്പല്ലേ
ചൊല്ലിനു വേണ്ടതുമതുതന്നെ
മാനം നോക്കി നടക്കരുതാരും
മാനം നോക്കി നടക്കണമെവരും

* *

ഉരലോ വിരലോ
ഉരലൊടു വിരലോ
വിരലോടുരലോ
ഉന്തൊടു തള്ളൊടു
തിക്കു തിരക്കൊടു-
ലയ്ക്കു വരുംവരെ-
യെന്തു തിരക്കെട
തക്കിട തരികിട
തൈ

* *

എലി വലയിൽ
പുലി വലയിൽ
എലിയോ പുലിയോ
ഊറാമ്പുലിയോ
കരിയിലയോ



